04/04/2022



31/3/22

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം–695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 84(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.1865/SIC-Gen4/2022**

(ഉത്തരവുകൾ **sic.kerala.gov.in** –ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

ശ്രീ. കെ.എം. ജമാലുദ്ദീൻ,
മൂന്നാം നില, മെട്രോ പ്ലാസ,
മാർക്കറ്റ് റോഡ്,
കൊച്ചി – 682 018. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ,
നടമ വില്ലേജ് ഓഫീസ്, തൃപ്പൂണിത്തുറ പി.ഒ.,
എറണാകുളം.
2. അപ്പീൽ അധികാരി &
തഹസിൽദാർ (എൽ.ആർ),
താലൂക്ക് ഓഫീസ് കണയന്നൂർ,
എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 26.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 5.5.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 20.7.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 3.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.1.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.2.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 15.2.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 30.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.എം. ജമാലുദ്ദീൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്ന് കാണിച്ച് നൽകിയ ഒന്നാം അപ്പീലിന്മേൽ വിവരങ്ങൾ ലഭ്യമാക്കാൻ ഉത്തരവുണ്ടായിട്ടും ഒന്നാം എതിർകക്ഷി വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ വിവരാവകാശ നിയമ പ്രകാരം ഒന്നാം

എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 26.4.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) Copy of the receipt in Book No.XIV 219/98-99 dated 21.12.1998 issued to Sqn.Ldr Kerala Varma (maintained by Nadama Village Officer)
2) Details of remittance of the amount of GCDA after accepting the amount from Kerala Varma on 21.12.1998 and details of the account also.
3) Details of the account in which the amount remitted towards GCDA after collecting the amount from Kerala Varma and so on numbering to 7 items.

3. മേൽപ്പടി അപേക്ഷയ്ക്ക് 5.5.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ പറയുന്ന വിവരങ്ങൾ ടി വില്ലേജ് ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ റവന്യൂ റിക്കവറി വില്ലേജ് ഒഫീസിൽ ഉൾപ്പെട്ടിരുന്ന വിഷയമായിരുന്നുവെന്നും, ടി ഓഫീസ് 2001 വർഷത്തിൽ നിർത്തലാക്കിയതിനെ തുടർന്ന് ടി ഓഫീസിലെ അന്നേവരെയുള്ള രജിസ്റ്ററുകൾ നടമ വില്ലേജ് ഓഫീസിൽ ഏൽപ്പിച്ചിട്ടുള്ളതാണെന്നും നിലവിൽ നടമ വില്ലേജ് ഓഫീസിൽ ജീവനക്കാർ കുറവായതിനാൽ അപേക്ഷയിൽ പറയുന്ന വിവരങ്ങൾ നൽകുന്നതിന് സാവകാശം വേണമെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി ഹർജിക്കാരൻ 20.7.2021-ന് സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 3.9.2021-ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, നടമ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷയിൽ പറയുന്ന വിവരങ്ങൾ നടമ വില്ലേജ് ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ റവന്യു റിക്കവറി ഓഫീസിൽ ഉണ്ടായിരുന്ന വിവരങ്ങളാണെന്നും ടി ഓഫീസ് 2001-ൽ നിർത്തലാക്കി രജിസ്റ്ററുകൾ നടമ വില്ലേജ് ഓഫീസിൽ ഏൽപ്പിച്ചിട്ടുള്ളതാണെന്നും വില്ലേജിൽ ജീവനക്കാർ കുറവായതിനാൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത ടി രജിസ്റ്ററുകൾ പരിശോധിച്ച് കണ്ടെത്തി വിവരാവകാശ അപേക്ഷയിൽ അവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ സാവകാശം വേണമെന്ന് അറിയിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രസീതി ബുക്കുകൾ ഇരുപതുവർഷത്തിനുമേൽ പഴക്കമുള്ളതാണെന്നതിനാൽ അപ്പീൽ അപേക്ഷകന്റെ വിവരാവകാശ അപേക്ഷ ഒരിക്കൽക്കൂടി പരിശോധിച്ച് മേൽ വിഷയത്തിൽ ലഭ്യമാകുന്ന എല്ലാ വിവരങ്ങളും അപ്പീൽ വാദിക്ക് നൽകുന്നതിനും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത രേഖകൾ അപ്പീൽ അപേക്ഷകനോ ടിയാൻ ചുമതലപ്പെടുത്തുന്ന ആൾക്കോ പരിശോധിക്കുന്നതിന് അനുവദിക്കുവാൻ എസ്.പി.ഐ.ഒ & നടമ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 28.4.2021-ന് വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷ നടമ വില്ലേജ് ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും ടി അപേക്ഷ പരിശോധിച്ചതിൽ നടമ വില്ലേജ് ഓഫീസിനോട് ചേർന്ന് 2000-01 കാലയളവ് വരെ പ്രവർത്തിച്ചിരുന്ന റവന്യൂ റിക്കവറി സ്പെഷ്യൽ വില്ലേജ് ഓഫീസിലെ രജിസ്റ്ററുകളുടെ പകർപ്പാണെന്നും എന്നാൽ മേൽപ്പടി ഓഫീസ് നിർത്തലാക്കിയപ്പോൾ രേഖകൾ എല്ലാം നടമ വില്ലേജ് ഓഫീസിൽ

ഏൽപ്പിച്ചിട്ടുള്ളതായിട്ട് അറിയുന്നു എന്നും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ളത് നിർത്തലാക്കിയ ഓഫീസിൽ 21.12.1998-ൽ നൽകിയ രസീതിന്റെയും ടി രസീതിൽ വിവരിക്കുന്ന രേഖകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ പകർപ്പുകൾ ആണെന്നും ഓരോ വർഷവും വാർഷിക പരിശോധന കഴിയുന്ന രസീത് ബുക്കുകളും രജിസ്റ്ററുകളും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളതായി കാണാത്തതിനാലും 20 വർഷത്തിന് മുമ്പുള്ള രേഖകൾ ആയതിനാലും വിവരം നൽകാൻ സാവകാശം വേണമെന്ന് കാണിച്ച് അപേക്ഷകന് കത്ത് നൽകിയിട്ടുള്ളതാണെന്നും വില്ലേജ് ഓഫീസിൽ പരിശോധിച്ചിട്ടും അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചിട്ടില്ല എന്ന വിവരം അപ്പീൽ അധികാരിയെ അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന് അപേക്ഷകനെയോ ടിയാൻ ചുമതലപ്പെടുത്തുന്ന ആളെയോ രേഖകൾ പരിശോധിക്കുന്നതിന് അനുവദിക്കുവാൻ എസ്.പി.ഐ.ഒ & നടമ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തി 3.9.2021-ന് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, നടമ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷയിൽ പറയുന്ന വിവരങ്ങൾ നടമ വില്ലേജ് ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന സ്പെഷ്യൽ തഹസിൽദാർ (റവന്യൂ റിക്കവറി) ഓഫീസിൽ ഉണ്ടായിരുന്ന വിവരങ്ങളായിരുന്നുവെന്നും ടി ഓഫീസ് നിർത്തലാക്കി രജിസ്റ്ററുകൾ നടമ വില്ലേജിൽ 2001-ൽ ഏൽപ്പിച്ചിട്ടുള്ളതായും വില്ലേജ് ജീവനക്കാർ കുറവായതിനാൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത ടി രജിസ്റ്ററുകൾ പരിശോധിച്ച് വിവരാവകാശ അപേക്ഷയിൽ അവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ സാവകാശം വേണമെന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്നത് നടമ വില്ലേജിൽ നിന്നും Sqn. Ldr. Kerala Varma പേരിൽ രസീത് ബുക്ക് നമ്പർ XIV 219/98-99 തീയതി 21.12.1998-ൽ നൽകിയ രസീത് പ്രകാരം അടച്ച തുക സംബന്ധിച്ച വിവരങ്ങളാണെന്നും ടി സാഹചര്യത്തിൽ അപ്പീൽ അപേക്ഷകന്റെ വിവരാവകാശ അപേക്ഷ ഒരിക്കൽക്കൂടി പരിശോധിച്ച് ടി വില്ലേജിൽ മേൽ വിഷയത്തിൽ ലഭ്യമാകുന്ന എല്ലാ വിവരങ്ങളും അപ്പീൽ വാദിക്ക് നൽകുന്നതിനും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്ത വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരമുള്ള ഫീസ് ഈടാക്കി അപ്പീൽ അപേക്ഷകനെയോ ടിയാൻ ചുമതലപ്പെടുത്തുന്ന ആളെയോ പരിശോധിക്കുന്നതിന് അനുവദിക്കുന്നതിനും എസ്.പി.ഐ.ഒ & നടമ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് നടമ വില്ലേജ് ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചിരുന്നതും 2001-ൽ നിർത്തലാക്കി നടമ വില്ലേജ് ഓഫീസിന് കൈമാറിയിരുന്നതുമായ രജിസ്റ്ററിൽ അടങ്ങിയ വിവരമാണെന്ന് കാണുന്നു. എന്നാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം തെരച്ചിൽ നടത്തി കണ്ടെത്തുന്നതിന് യാതൊരു ശ്രമവും നടത്താതെ, നിലവിൽ രജിസ്റ്ററുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണെന്നും ബന്ധപ്പെട്ട ഫയൽ തെരഞ്ഞ് കണ്ടെത്തുന്നതിന് വില്ലേജിൽ ജീവനക്കാർ കുറവാണെന്നും വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയിരുന്നത്. മാത്രമല്ല ഒന്നാം അപ്പീൽ തീർപ്പാക്കി കണയന്നൂർ തഹസിൽദാർ 3.9.2021 ന് പുറപ്പെടുവിച്ച ഉത്തരവിൽ അപ്പീൽ അപേക്ഷകനോ ടിയാന്റെ പ്രതിനിധിക്കോ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന്

വിവരം നൽകാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രേഖകളുടെ പരിശോധനക്കായി ഹർജിക്കാരന് സമയം അനുവദിച്ചുകൊണ്ടുള്ള യാതൊരു അറിയിപ്പും ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയിട്ടുള്ളതായും കാണുന്നില്ല. ഹിയറിംഗ് വേളയിലും ടി വീഴ്ചകൾ സംബന്ധിച്ചുള്ള തൃപ്തികരമായ വിശദീകരണം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കാതെ രേഖകൾ പരിശോധിക്കാൻ അപ്പീലധികാരി ഹർജിക്കാരന് നിർദ്ദേശം നൽകിയതിനാലാണ് രേഖകൾ പരിശോധിക്കാൻ ഹർജിക്കാരന് അനുമതി നൽകികൊണ്ട് പ്രത്യേകമായി കത്തയയ്ക്കാതിരുന്നതെന്ന വിശദീകരണമാണ് നൽകിയിട്ടുള്ളത്. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലുള്ള ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1), (2) വകുപ്പുകൾ പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരിയും ഒന്നാം എതിർകികക്ഷിയുമായ ശ്രീമതി. അമ്പിളിയ്ക്കെതിരെ വിവരാവകാശ നിയമം 20(1), (2) എന്നീ വകപ്പുകൾ പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ടി വീഴ്ച സംബന്ധിച്ചുള്ള ടിയാളുടെ വിശദീകരണം 20.4.2022നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാളുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ഒന്നാം അപ്പീൽ അധികാരിയുടെ നിർദ്ദേശമുണ്ടായിട്ടും കണ്ടെത്തി നൽകാൻ ഒന്നാം എതിർകക്ഷിക്ക് സാധിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിക്കോ റിക്കാർഡ് റൂം നേരിട്ട് പരിശോധിക്കുന്നതിനുള്ള സമയം നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ് 10.2.2022നകം ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk